(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള പ്രൊമോഷൻ 10% എന്നത് സെക്രട്ടേറിയറ്റിലും പി.എസ്.സി.-യിലും നടപ്പാക്കുമോ ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നടപ്പാക്കുന്നതിന് പി.എസ്.സി. എന്തെങ്കിലും മറുപടി സർക്കാരിനു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനു മുന്നോടിയായി ഇവരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ഭേദഗതികൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ വരുത്തേണ്ടതുണ്ട്. പി.എസ്.സി. ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ കഴിയില്ല. പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല.

മത്സ്യഫെഡിലെ പി.എസ്.സി. നിയമനം

89 (1955) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നും എന്നാണ് അയച്ചതെന്നും പറയാമോ ;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ എത്ര പേരുണ്ടെന്ന് പറയാമോ ;

(സി) അഡ്വൈസ് മെമ്മോ അയച്ചിട്ടും മത്സ്യഫെഡിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് അയയ്ക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) വിശദമായ പരിശോധനകൾക്കു ശേഷം സർക്കാർ ഉത്തരവിനെത്തുടർന്ന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കാലതാമസം ഒഴിവാക്കി നിയമന ഉത്തരവ് നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യഫെഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് പി.എസ്.സി. 24 ഉദ്യോഗാർത്ഥികൾക്ക് 16-9-2014-ൽ അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്.

(ബി) ടി ലിസ്റ്റിൽ രണ്ട് പട്ടികജാതി ഉദ്യോഗാർത്ഥികളുണ്ട്. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ ആരും തന്നെയില്ല.

(സി&ഡി) അഡ്വൈസ് മെമ്മോ പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് 3 മാസക്കാലം സമയമനുവദിച്ചിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

ജീവനക്കാരുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിന് മിന്നൽ പരിശോധന

90 (1956) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട മനസ്സിലാക്കുന്നതിലേക്കായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ എത്ര പ്രാവശ്യം ഏതെല്ലാം ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി ;

(ബി) എന്നാണ് നടത്തിയത് ; തീയതിയും, ഓഫീസുകളും, സമയവും, ഇൻസ്പെക്ഷൻ നടത്തിയ മന്ത്രിയെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഇൻസ്പെക്ഷൻ വഴി എന്തെല്ലാം ന്യൂനതകൾ കണ്ടെത്തി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജീവനക്കാരുടെ കാര്യക്ഷമതയും, ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട മനസ്സിലാക്കുന്നതിനായി മുഖ്യമന്ത്രി മിന്നൽ പരിശോധനകളൊന്നും നടത്തിയിട്ടില്ല. മന്ത്രിമാരിൽ പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം മൃഗശാലാ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും നഗരകാര്യ ന്യൂനപക്ഷക്ഷേമവകുപ്പുമന്ത്രിയും നടത്തിയ മിന്നൽ പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാല വകുപ്പുമന്ത്രി :

ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ജീവനക്കാരുടെ കാര്യക്ഷമതയും ഓഫീസുകളിലെ ഹാജർ നിലയും നേരിട്ട് മനസ്സിലാക്കുന്നതിലേക്കായി ബഹു. പട്ടികവർഗ്ഗക്ഷേമ, യുവജനകാര്യ, മ്യൂസിയം-മൃഗശാലാ വകുപ്പുമന്ത്രി പട്ടികവർഗ്ഗ വികസന